LIBRARY ARCHIVES Kerala Legislative Assembly

ദേശീയ തൊഴിലുറപ്പ് പദ്ധതി

24 (1421) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരമായ ജോലി ഉറപ്പു വരുത്തുന്നതിന് ഈ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ആവശ്യാധിഷ്ഠിതമായി പരമാവധി 100 ദിവസത്തെ (വനാവകാശമംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കൾക്ക് 150 ദിവസത്തേയും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിന് 200 ദിവസത്തേയും) അവിദഗ്ധ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ-മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാകുന്നതിനതകുന്ന ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെ ഉറപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏറ്റവും കുറഞ്ഞത് 60% തുകയുടെ പ്രവൃത്തികൾ കാർഷിക/കാർഷികാനുബന്ധ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുകയും പ്രവൃത്തികൾ ഏറ്റെടുത്ത് വരികയുമാണ്.

നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ

25 (1422) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന വ്യക്തമാക്കാമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി തയ്യാറാക്കി അയച്ചിരുന്ന പ്രൊപ്പോസലുകൾ എത്രയെന്നും അതിൽ ഏതിനെല്ലാം അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.